## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. -1299** 01.07.2015- ൽ മറുപടിക്ക്

## ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴെ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഇ.പി.ജയരാജൻ** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കണ്ണൂരിൽ എൻ.എച്ച്.17-ൽ ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴേ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണപ്രവൃത്തികൾക്ക് 2009-ൽ ഏത് ഉത്തരവു പ്രകാരമാണ് ഭരണാനുമതി നൽകിയത്; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; | (എ) | കണ്ണൂരിൽ എൻ.എച്ച്.17-ൽ ചേംബർ ഓഫ് കോമേഴ്സ് ജംഗ്ഷൻ മുതൽ അറക്കൽ പാലസ് - താഴേ ചൊവ്വ വരെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് 14.07.2009-ലെ സ.ഉ (സാധാ) നം. 1045/09/പൊ.മ.വ. പ്രകാരം 450 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| (ബി) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തത് എപ്പോഴാണ് ; ഏതു കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത് ; | (ബി) | 10.03.2011-നാണ് ടെണ്ടർ ചെയ്തത്. ശ്രീ. കെ. മനോഹരൻ ആണ് കരാറുകാരൻ. |
| (സി) എസ്റ്റിമേറ്റിനേക്കാൾ എത്ര ശതമാനം അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത്; കരാർ പ്രകാരം എന്നായിരുന്നു പ്രവൃത്തി പൂർത്തീകരിക്കേണ്ടത്; | (സി) | 19% അധികരിച്ച തുകയ്ക്കാണ് കരാർ അംഗീകരിച്ചത്. കരാർ പ്രകാരം 27.08.2012-ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. |
| (ഡി) കരാർകാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതെന്തു കൊണ്ടാണ്; | (ഡി) | റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാതെ വന്നത്. |

| | | | |
|---|---|---|---|
| (ഇ) | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുവാനോ തയ്യാറാകാത്ത കരാറുകാരന്റെ അഭ്യർത്ഥന പ്രകാരം എസ്റ്റിമേറ്റിനേക്കാൾ എത്ര ശതമാനം അധികരിച്ച തുകക്കാണ് ഇപ്പോൾ പുതുക്കിയ ഭരണാനുമതി നൽകിയത്; | (ഇ) | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കുവാനോ പൂർത്തീകരിക്കുവാനോ സാധിക്കാതെ വന്നത് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്കാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ്. പഴയ എസ്റ്റിമേറ്റും പുതുക്കിയ എസ്റ്റിമേറ്റും തമ്മിൽ 67%ന്റെ വർദ്ധനവ് ആണ് ഉള്ളത്. |
| (എഫ്) | ഏത് ഉത്തരവു പ്രകാരമാണ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; | (എഫ്) | 01.03.2014-ലെ സ.ഉ (സാധാ) നം. 335/14/പൊ.മ.വ. പ്രകാരം 815 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. |
| (ജി) | 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്ന സാഹചര്യത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ടെൻഡർ ചെയ്യാതിരുന്നതെന്തുകൊണ്ടാണ്; 2009-ലെ ഭരണാനുമതി പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരനെതന്നെ പുതുക്കിയ നിരക്കിലുള്ള കരാർ ഏൽപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ? | (ജി) | റോഡ് നവീകരണത്തിനാവശ്യമായ ഭൂമി കണ്ണൂർ നഗരസഭ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ കാലതാമസം വന്നതിനാലാണ് 2009-ൽ ഭരണാനുമതി നൽകിയ പ്രവൃത്തി 2014 വരെ ആരംഭിക്കാതിരുന്നത്. 2014 ജനുവരി മാസത്തിലാണ് ആവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറാൻ തയ്യാറായ വിവരം നഗരസഭ അറിയിച്ചത്. 2012 ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 2014-ൽ റീ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള കാലതാമസം ഒഴിവാക്കുന്നതിനും, ടെണ്ടർ വർദ്ധനവ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് അതേ കരാറുകാരനെത്തന്നെ പ്രവൃത്തി ഏൽപ്പിച്ചത്. |

സെക്ഷൻ ഓഫീസർ